**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6659** **11-11-2021 - ൽ മറുപടിയ്ക്ക്**

**അനാഥരായ കുഞ്ഞുങ്ങൾക്കുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അനാഥരായ കുഞ്ഞുങ്ങൾക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ; | (എ) | അനാഥരായ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ (അനാഥാലയങ്ങൾ) കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. പത്താം ക്ലാസ് പാസ്സാകുന്ന എല്ലാ കുട്ടികൾക്കും പ്ലസ് വണ്ണിന് സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകുന്നു. 2. പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്നു. 3. താഴെപ്പറയുന്ന കോഴ്സുകൾക്ക് അനാഥാലയങ്ങളിലെ കുട്ടികൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്:- a) കേരളത്തിലെ ഐ.റ്റി.ഐ/ ഐ.റ്റി.സി. എന്നിവിടങ്ങളിൽ 5 സീറ്റ് വീതം. b) ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ, ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ് ഡിപ്ലോമ, പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമ, സിവിൽ - ഇലക്ട്രിക്കൽ- മെക്കാനിക്കൽ ഡിപ്ലോമ എന്നിവയ്ക്ക് ഓരോ സീറ്റ് വീതം. c) ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സിന് - 3% d) ഡിഫാം കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് ഫാർമസി കോളേജുകളിൽ ഓരോ സീറ്റ് വീതം) e) DMLT(ML) കോഴ്സിന് 2 സീറ്റുകൾ (തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓരോ സീറ്റ് വീതം) f) DRT(RT) കോഴ്സിന് ഒരു സീറ്റ് (കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ) g) DOTT (OT) കോഴ്സിന് ഒരു സീറ്റ് (തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ) h) DHI(HI) കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, PHTS-ൽ - 3 സീറ്റ്, പാലക്കാട് ഗവൺമെന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സീറ്റ് (for SC/ST) i) ഹയർ സെക്കന്ററിയ്ക്കും, വൊക്കേഷണൽ ഹയർ സെക്കന്ററിയ്ക്കും അർഹതയുള്ള എല്ലാ കുട്ടികൾക്കും പ്രവേശനം |

ഉറപ്പാക്കുന്നു. j) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസി കോഴ്സ് ട്രെയിനിംഗിന് 10% സീറ്റ്. 4. ക്ഷേമസ്ഥാപനങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 50,000/- രൂപ ധനസഹായമായി നൽകുന്നു. 5. ക്ഷേമസ്ഥാപനങ്ങളിൽ താമസിച്ചിരുന്നവർ, ഇപ്പോഴും താമസിക്കുന്നവർ എന്നീ വിഭാഗങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്താൽ ഇന്റർവ്യൂവിന് മുൻഗണന ഉണ്ട്. കേരള പി.എസ്.സി.യിൽ അപേക്ഷ സമർപ്പിക്കുന്നതിന് 10 വർഷത്തെ വയസ്സിളവുണ്ട്. പ്ലസ്-ടു വിന് ശേഷം തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത പഠനത്തിനുള്ള സാമ്പത്തിക സഹായ പദ്ധതി. 1. അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെട്ടുന്നവർക്ക് പ്ലസ് ടുവിന് ശേഷം തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നതപഠനത്തിന് സാമ്പത്തികസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളോ യൂണിവേഴ്സിറ്റികളോ അംഗീകരിച്ചിട്ടുള്ള എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നടത്തുന്ന റഗുലർ കോഴ്സുകളിൽ ആയിരിക്കണം പഠനം നടത്തേണ്ടത്. ധനസഹായത്തിന് അർഹതപ്പെട്ട കോഴ്സുകൾ താഴെ പറയുന്നു:- a) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ എൻട്രൻസ് കമ്മീഷണർ നടത്തുന്ന പരീക്ഷായോഗ്യത നേടി പ്രവേശനം നേടുന്ന പ്രൊഫഷണൽ കോഴ്സുകൾ. b) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏജൻസികളോ വകുപ്പുകളോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിലൂടെ പ്രവേശനം നേടുന്ന കോഴ്സുകൾ. c)കേന്ദ്ര-സംസ്ഥാന യൂണിവേഴ്സിറ്റികളുടെ അംഗീകൃത റെഗുലർ കോഴ്സുകൾക്ക് സർക്കാർ അംഗീകൃത കോളേജുകളിൽ ഉള്ള പഠനത്തിന്. d) കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ, പാരാമെഡിക്കൽ കോഴ്സുകൾ മുതലായവ. ധനസഹായം a) കോഴ്സ് ഫീസ് പൂർണ്ണമായും (ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള രസീതുകളുടെ അടിസ്ഥാനത്തിൽ) b) റസിഡൻഷ്യൽ അക്കോമഡേഷൻ ഫീസ് പൂർണ്ണമായും (ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള രസീതിന്റെ അടിസ്ഥാനത്തിൽ). c) സ്ഥാപനത്തിന് വെളിയിലുള്ള ഹോസ്റ്റലുകളിൽ താമസിച്ചുള്ള പഠനമാണെങ്കിൽ പരമാവധി 1000/- രൂപ പ്രതിമാസം. d) ടെസ്റ്റ് ബുക്കുകളുടെ പൂർണ്ണമായ ചെലവുകൾ (ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റിന്റെയും ബില്ലിന്റെയും

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ) e) യൂണിഫോം, വസ്ത്രം, പ്രതിവർഷം പരമാവധി 2000/- രൂപ. |
| (ബി) | സർക്കാർ അംഗീകാരമുള്ള എത്ര അനാഥാലയങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്; അംഗീകാരമില്ലാത്ത അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | കുട്ടികളെ സംരക്ഷിക്കുന്ന 859 ക്ഷേമസ്ഥാപനങ്ങൾ (അനാഥാലയങ്ങൾ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ അംഗീകാരം ഇല്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ